# തിരുനാളുകളുടെ തിരുനാൾ

ഈശോ മിശിഹായിൽ സ്നേഹമുള്ളവരെ

തിരുനാളുകളുടെ തിരുനാൾ എന്നാണല്ലോ ഈസ്റ്റർ അറിയപ്പെടുന്നത്. പാപത്തെയും മരണത്തെയും കീഴടക്കിയ ഈശോ, ഉത്ഥാനം ചെയ്തതിന്റെ ആഘോഷത്തിന്റെയും അനുസ്മരണത്തിന്റെയും സമയം. ഈസ്റ്റർ നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനശിലയാണ്. വി.പൗലോസ് ശ്ലീഹ കൊറിന്തോസ്ക്കാർക്ക് എഴുതിയ ഒന്നാം ലേഖനത്തിന്റെ 15-ാം അദ്ധ്യായം 14-ാം വാക്യം നാം ഇപ്രകാരം വായിക്കുന്നു. ''ക്രിസ്തു ഉയിർപ്പിക്കപ്പെട്ടില്ലായിരുന്നെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം''. പ്രിയപ്പെട്ടവരെ നമ്മുടെ വിശ്വാസവും പ്രഘോഷണവും ജീവിതവും വ്യർത്ഥമല്ലെന്ന് നമുക്ക് ഉറപ്പ് തരുന്ന തിരുനാളാണിത്. ഈ ഉയിർപ്പുതിരുനാളിന്റെ മംഗളം ഏവർക്കും നേരുന്നതോടൊപ്പം ഉത്ഥിതനായ മിശിഹായുടെ സമാധാനം നമ്മുടെ കുടുംബങ്ങളിലും കൂട്ടായ്മകളിലും നാം ജോലി ചെയ്യുന്ന ഇടങ്ങളിലും നമ്മൾ വസിക്കുന്ന രാജ്യങ്ങളിലും ഉണ്ടാകട്ടെയെന്ന് നിങ്ങളൊടോപ്പം ചേർന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

ഈശോയുടെ ഉത്ഥാനത്തിന്റെ പ്രസക്തി വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. വി. പൗലോസ് ശ്ലീഹാ കൊറിന്തോസിലെ സഭയോട് ഈശോയുടെ ഉത്ഥാനത്തെപ്പറ്റി പറയുമ്പോൾ ഇപ്രകാരം പറയുന്നുണ്ട്. ''ഈ ജീവിതത്തിനുവേണ്ടി മാത്രം ക്രിസ്തുവിൽ പ്രത്യാശ വെച്ചിട്ടുള്ളവരാണെങ്കിൽ നമ്മൾ എല്ലാ മനുഷ്യരെയുംകാൾ നിർഭാഗ്യരാണ് ''(1 കോറി 15.19) ഉത്ഥിതനായ ക്രിസ്തുവിലുള്ള നമ്മുടെ പ്രത്യാശ ലൗകികപ്രത്യാശയോ ഭൗതികജീവതത്തോടു ബന്ധപ്പെട്ട പ്രത്യാശയോ മാത്രമാക്കി ചുരുക്കാനാവില്ല. ഉത്ഥിതനിലുള്ള വിശ്വാസം ഏറ്റുപറയുമ്പോൾ എന്റെ ജീവിതത്തിനും മരണത്തിനുമുള്ള ഉത്തരം ഞാൻ കണ്ടെത്തണം. പ്രിയപ്പെട്ട സഹോദരങ്ങളെ ഇതുവളരെ പ്രധാനപ്പെട്ടതാണ്. ജീവിതത്തിനും മരണത്തിനുമുള്ള ഉത്തരം . ഇന്നു പലരും തങ്ങളുടെ ജീവിതത്തിന്റെ അർത്ഥമെന്ത്? എന്ന ചോദ്യത്തിനു മുമ്പിൽ പകച്ചു നിൽക്കുകയാണ്. ജീവിതക്ലേശങ്ങളുണ്ടാകുമ്പോൾ അവയുടെ അർത്ഥമെന്ത് എന്ന ചോദ്യത്തിനു മുമ്പിൽ ഈ പരിഭ്രാന്തി തന്നെയാണ് മനുഷ്യനെ വേട്ടയാടുന്നത്. മരണത്തെക്കുറിച്ചുള്ള ആകുലത മനുഷ്യനെ കീഴ്പ്പെടുത്തുന്നതിന് കാരണവും യഥാർത്ഥ ഉത്തരം അവന് കണ്ടെത്താൻ കഴിയുന്നില്ല എന്നുള്ളതാണ്. ഭൗതികമായ സമ്പത്തും സ്ഥാനമാനങ്ങളും നേട്ടങ്ങളുമുള്ള എത്രയോ മനുഷ്യർ അസ്വസ്ഥമായ ഹൃദയത്തോടെ നമ്മുടെ ചുറ്റും വസിക്കുന്നതു നാം കാണുന്നു. ഈ അസ്വസ്ഥതയുടെയെല്ലാം അടിസ്ഥാനകാരണം ജീവിതത്തിന്റെയും മരണത്തിന്റെയും യഥാർത്ഥ ഉത്തരം അവർക്ക് കണ്ടെത്താൻ കഴിയുന്നില്ല എന്നതാണ്. ആ ഉത്തരം ഉത്ഥിതനായ ക്രിസ്തുവാണ്. 2000 വർഷങ്ങൾക്ക് മുമ്പ് ജീവിച്ചു മരിച്ച് ചരിത്രത്തിലില്ലാതായ ഒരു അസാധാരണ നേതാവിലല്ല, മറിച്ച് 2000 വർഷങ്ങൾക്ക് മുമ്പ് ചരിത്രത്തിൽ ജീവിച്ച്, മരിച്ച് ഉത്ഥാനം ചെയ്ത്, ഇന്നും നമ്മോടൊപ്പമായിരിക്കുന്ന ഈശോയിലാണ് നാം വിശ്വസിക്കുന്നത്. മരണത്തെ തോൽപിച്ച ഉത്ഥിതനായ ക്രിസ്തുവാണ് നമ്മുടെ ജീവന്റെയും മരണത്തിന്റെയും ഉത്തരം.

പ്രിയപ്പെട്ടവരെ, ഉത്ഥിതനായ ക്രിസ്തുവിനെ യഥാർത്ഥത്തിൽ സ്വന്തമാക്കിയത് കൊണ്ടാണ് നമ്മുടെ കുടുംബങ്ങളൊക്കെ ഇപ്പോഴും സന്തോഷം അനുഭവിക്കുന്നത്. നമ്മുടെയൊക്കെ മാതാപിതാക്കളുടെ ജീവിതത്തിലേയ്ക്ക് ഇടയ്ക്കൊക്കെ വിശകലനബുദ്ധിയോടെ ഒന്നു കണ്ണോടിക്കുന്നതു നല്ലതാണ്. പലപ്രതിസന്ധിഘട്ടങ്ങളിലും പതറാതെ നിന്ന് മുന്നേറാൻ അവരെ ശക്തരാക്കിയത് ഉത്ഥിതനായ ഈശോയിലുള്ള പ്രത്യാശയാണ്. എന്നാൽ ഇന്നത്തെ സമൂഹത്തിലേയ്ക്ക് ഒന്ന് കണ്ണോടിച്ചു നോക്കിയാൽ നിസാരമായ പ്രശ്നങ്ങളെയും പർവ്വതീകരിച്ച് അവയ്ക്കുമുന്നിൽ പരാജിതരാകുന്നവരെ കാണാൻ കഴിയും. ഉത്ഥിതനിലുള്ള പ്രത്യാശയും വിശ്വാസവും നഷ്ടപ്പെട്ടതുകൊണ്ട് സംഭവിക്കുന്ന ദുരന്തമാണിത്. അതുകൊണ്ട് ഈ കാലഘട്ടത്തിന്റെ എല്ലാ പ്രശ്നങ്ങളുടെയും പ്രതിസന്ധികളുടെയും

യഥാർത്ഥ ഉത്തരം ഉത്ഥിതനായ ക്രിസ്തുവാണെന്ന വലിയ തിരിച്ചറിവിലേയ്ക്ക് ഈ ഈസ്റ്റർ നമ്മെ ആനയിക്കട്ടെ എന്നാണ് എന്റെ പ്രാർത്ഥന.

വിശ്വാസമുള്ളവനു മാത്രം കാണാൻ കഴിയുന്ന ഒന്നാണ് ക്രിസ്തുവിന്റെ ഉത്ഥാനം എന്നതാണ് ഈ ഈസ്റ്റർ ദിനം നമുക്കുപറഞ്ഞു തരുന്ന രണ്ടാമത്തെ സന്ദേശം. വി. മത്തായിയുടെ സുവിശേഷ ത്തിന്റെ 28-ാം അധ്യായം 13-ാം വാക്യത്തിൽ ഇപ്രകാരം നാം വായിക്കുന്നു. "ഞങ്ങൾ ഉറങ്ങിയപ്പോൾ രാത്രിയിൽ അവന്റെ ശിഷ്യന്മാർ വന്ന് അവനെ മോഷ്ടിച്ചുകൊണ്ടുപോയി എന്ന് പറയുവിൻ." ഇപ്ര കാരമൊരു സാക്ഷ്യം നൽകാനാണ് ഈശോയുടെ ഉത്ഥാനസമയത്ത് അവന്റെ കല്ലറയ്ക്ക് കാവൽ നിന്ന ഭടൻമാർക്ക് ലഭിച്ച നിർദ്ദേശം. അവർ പണം വാങ്ങി അതനുസരിച്ചു പ്രവർത്തിച്ചു എന്നാണ് നാം തിരുവ ചനത്തിൽ വായിക്കുന്നത്. ഉത്ഥാനസമയത്ത് അവിടെ നടന്ന സംഭവങ്ങളെക്കുറിച്ച് യഥാർത്ഥ അറി വുള്ള ഈ ഭടന്മാർക്ക് വിശ്വാസമില്ലാത്തതുകൊണ്ടും പണത്തോടുള്ള അധികമോഹം കൊണ്ടും അധി കാരികളെ പ്രീതിപ്പെടുത്താനായി ബലികഴിച്ചത് ലോകത്തിൽ ഇന്നേവരെ സംഭവിക്കാത്ത ഒരു യാഥാർത്ഥ്യത്തിന്റെ യഥാർത്ഥ സാക്ഷികളാണ് തങ്ങളെന്ന് ഏറ്റുപറയാനുള്ള അവസരമാണ്. ക്രിസ്തു വിന്റെ ഉത്ഥാനത്തിന്റെ പ്രഘോഷകരാകാനുള്ള വിളിയാണ്. അത്ഭുതമെന്ന് പറയട്ടെ, ഈ വിശ്വാസം ആദ്യം പ്രഘോഷിച്ചത് വലതുവശത്തുള്ള കള്ളനാണ്. ആ കള്ളന്റെ പ്രാർത്ഥന ഇപ്രകാരമായിരുന്നു "യേശുവേ നീ നിന്റെ രാജ്യത്തു പ്രവേശിക്കുമ്പോൾ എന്നെയും ഓർക്കണേ!"(ലൂക്ക: 23.43). അവൻ വിശ്വാസത്താൽ ഈശോയുടെ ഉത്ഥാനം ദർശിച്ചു. പ്രിയപ്പെട്ടവരെ, വിശ്വാസത്തിന്റെ കണ്ണിലൂടെയാണ് നമുക്ക് ദൈവികരഹസ്യങ്ങളെ മനസ്സിലാക്കാൻ കഴിയുന്നത്.

ക്രിസ്തുവിന്റെ അപ്പസ്തോലന്മാരുടെയും ഉത്ഥിതനായ ക്രിസ്തുവിൽ വിശ്വസിച്ച നിരവധി വിശുദ്ധരുടെയും ജീവിതത്താൽ അനുഗ്രഹീതമായ യൂറോപ്പിൽ വിശ്വാസത്തിന്റെ തീക്ഷണത കുറയു മ്പോൾ എന്നെ ഭയപ്പെടുത്തുന്നത് നാം ഈ ഭടന്മാരോട് താദാത്മ്യപ്പെടുകയാണോ എന്നാണ്. നമ്മുടെ താത്കാലിക നേട്ടത്തിനും, സ്ഥാപിതതാത്പര്യങ്ങൾക്കും വേണ്ടി ക്രിസ്തുവിനെയും ക്രിസ്തുവിന്റെ ഉത്ഥാനത്തെയും ഏറ്റുപറയാനും, പ്രഘോഷിക്കാനും നാം മടിക്കുന്നുവോ? നമുക്ക് ആത്മശോധന ചെയ്യാം.

പ്രിയപ്പെട്ടവരെ ഞാൻ ആദ്യം പറഞ്ഞ വസ്തുതതിയലേയ്ക്ക് നിങ്ങളുടെ ശ്രദ്ധയെ ഒരിക്കൽ കൂടി ക്ഷണിക്കുകയാണ്. ക്രിസ്തുവിന്റെ പീഡാസഹനത്തിലും ഉത്ഥാനത്തിലുമുള്ള പ്രത്യാശ തങ്ങ ളുടെ ജീവിതത്തിലൂടെ ഈ ലോകത്തോട് ഏറ്റുപറയുന്ന ഒരു പറ്റം രക്തസാക്ഷികളുടെ കാലത്താണ് നാം ജീവിക്കുന്നത്. ഏത് കൊടിയ പീഡനത്തേയും ശാന്തതയോടെ അഭിമുഖീകരിക്കാൻ അവരെ ശക്ത രാക്കുന്നത് ഉത്ഥിതനായ ഈശോയിലുള്ള വിശ്വാസമാണ്. ഈ വിശ്വാസ തീക്ഷണത, ക്രിസ്തുവിനെ നിരന്തരം പ്രഘോഷിക്കാനുള്ള ധൈര്യം, നമ്മുടെ സഭാസമൂഹത്തിനും കൂട്ടായ്മകൾക്കും കുടുംബ ങ്ങൾക്കും നൽകണമേയെന്ന് ഈശോയോടു നമുക്കു പ്രാർത്ഥിക്കാം

ഉത്ഥിതനായ ഈശോയുടെ സമാധാനവും അനുഗ്രഹവും നിങ്ങളുടെ വ്യക്തിജീവിതത്തിലും കുടുംബ ജീവിതത്തിലും ഇടവകജീവിതത്തിലും സമൃദ്ധമായി നിലനിൽക്കട്ടെ.

ഈശോയിൽ സ്നേഹത്തോടെ,
+ മാർ സ്റ്റീഫൻ ചിറപ്പണത്ത്
(യൂറോപ്പിലെ അപ്പസ്റ്റോലിക് വിസിറ്ററ്റർ)